നം.എഡി ബി.II /9/2022

## ക്വട്ടേഷൻ/ലേല പരസ്യം

കേരള സർവ്വകലാശാല സെനറ്റ് ഹൗസ് ക്യാമ്പസിനുള്ളിൽ നിൽക്കുന്ന ഫലവൃക്ഷങ്ങളിൽ നിന്നും ഒരു വർഷത്തേക്ക് ആദായമെടുക്കുന്നതിന് താത്പര്യമുള്ളവരിൽ നിന്നും മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ക്വട്ടേഷനുകൾ "സെനറ്റ് ഹൗസ് ക്യാമ്പസിനുള്ളിൽ നിൽക്കുന്ന ഫലവൃക്ഷങ്ങളിൽ നിന്നും ആദായമെടുക്കുന്നതിനു അവകാശം നേടുന്നതിന് വേണ്ടിയുള്ള ടെൻഡർ", എന്ന് രേഖപ്പെടുത്തി സീൽ ചെയ്ത കവറിൽ **05.10.2022 ഉച്ചക്ക് 1.00 മണിക്ക്** മുൻപായി രജിസ്ട്രാർ, എസ്.എച്ച് ക്യാമ്പസ് കേരള സർവ്വകലാശാല-695034 എന്ന വിലാസത്തിൽ അയക്കേണ്ടതാണ്. ക്വട്ടേഷനോടൊപ്പം നിരതദ്രവ്യമായി ഫിനാൻസ് ഓഫീസറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, തിരുവനന്തപുരം സർവ്വീസ് ബ്രാഞ്ചിൽ മാറാവുന്ന **1000/- (ആയിരം) രൂപയുടെ** ഡിമാൻറ് ഡ്രാഫ്റ്റ് കൂടി ഹാജരാക്കേണ്ടതാണ്. അന്നേ ദിവസം ഉച്ചക്ക് 3.00 മണിക്ക് രജിസ്ട്രാറുടെ ചേംബറിൽ വച്ച് കോവിഡ് മാനദണ്ഡങ്ങൾക്കനുസൃതമായി പൊതുലേലവും ഉണ്ടായിരിക്കുന്നതാണ്.ലേലത്തിൽ പങ്കെടുക്കാൻ താല്പര്യപെടുന്നവർ മേൽ പറഞ്ഞപ്രകാരം ഡിമാൻഡ്ഡ്രഫ്റ്റുമായോ 1000/- രൂപയുമായോ ലേലസമയത്തു ഹാജരാകേണ്ടതാണ്. ലേലം പിടിക്കുന്നയാൾ ലേലതുകയുടെ 25% സെക്യൂരിറ്റി ഡെപ്പോസിറ്റായി ഉടൻ കെട്ടിവെയ്ക്കേണ്ടതാണ്.ബാക്കിതുകയും സെക്യൂരിറ്റി ഡെപ്പോസിറ്റും അടുത്ത ദിവസം വൈകുന്നേരം 3 മണിക്ക് മുൻപായി സർവ്വകലാശാല ക്യാഷ് കൗണ്ടറിൽ അടച്ച് രസീത് ഹാജരാക്കേണ്ടതാണ്.

വൃക്ഷങ്ങൾ കണ്ടു ബോധ്യപെടുന്നതിനും ഇത് സംബന്ധിച്ചുള്ള വിശദവിവരങ്ങൾക്കും സർവ്വകലാശാല ഓഫീസുമായി ബന്ധപ്പെടാവുന്നതാണ് .പ്രത്യേക കാരണമൊന്നും കാണിക്കാതെ തന്നെ ഏതെങ്കിലും ക്വട്ടേഷൻ/ലേലം നിരസിക്കുന്നതിനു രജിസ്ട്രാർക്കു അധികാരം ഉണ്ടായിരിക്കും .ലേലം സംബന്ധിച്ച എല്ലാ കാര്യങ്ങളും രജിസ്ട്രാറുടെ അന്തിമ തീരുമാനത്തിന് വിധേയമായിരിക്കും.

Sd/-

രജിസ്ട്രാർ

തിരുവനന്തപുരം
20.09.2022